നികത്തുന്നതിനും ഡോക്ടർമാർ ലഭ്യമല്ലാത്ത സാഹചര്യത്തിൽ അഡ്ഹോക് വ്യവസ്ഥയിലും എൻ.എച്ച്.എം. വഴിയും ഡോക്ടർമാരെ താത്കാലികമായി നിയമിച്ച് സേവനം ലഭ്യമാക്കുന്നുണ്ട്. അവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രതിദിന ഒ.പി. ഇരുന്നൂറിൽ കൂടുതലുള്ളതും ഒരു ഡോക്ടർ തസ്തിക മാത്രമുള്ളതുമായ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ രണ്ട് തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ മരുന്നുകളുടെ ലഭ്യത ജില്ലാതലത്തിലും സംസ്ഥാനതലത്തിലും നടത്തുന്ന അവലോകന യോഗങ്ങളിൽ വിശദമായി പരിശോധിച്ചിട്ടുണ്ട്.

നഴ്സിംഗ് റിക്രൂട്ട്മെന്റ്

22 (*82) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ബാബു എം. പാറയിൽ :
ശ്രീമതി കെ. കെ. രമ :
ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ റിക്രൂട്ട്മെന്റ് സഹകരണമൊരുക്കാതെ നഴ്സിംഗ് റിക്രൂട്ട്മെന്റ്, എംബസി വഴിയാക്കിയത് സംസ്ഥാനത്തെ നഴ്സുമാരെ ഗുരുതരമായ പ്രതിസന്ധിയിലാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇന്ത്യയിൽ നിന്നുള്ള നഴ്സിംഗ് റിക്രൂട്ട്മെന്റ് നടപടികൾ സുതാർമ്മമായതോടെ തൊഴിൽദാതാക്കൾ മറ്റ് രാജ്യങ്ങളിൽ നിന്ന് റിക്രൂട്ട്മെന്റ് നടത്തുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റിക്രൂട്ട്മെന്റ് സംവിധാനം ലളിതവൽക്കരിക്കാനും കാര്യക്ഷമമാക്കാനും തൊഴിൽ വകുപ്പ് ഇടപെടൽ നടത്തുമോ;

(ഡി) വിദേശ രാജ്യങ്ങളിലേക്കുള്ള റിക്രൂട്ട്മെന്റ് പരിമിതപ്പെടുത്തുകാരണം സംസ്ഥാനത്തും രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിലും നഴ്സുമാരുടെ ശമ്പളം കുറച്ച് അവരെ ചൂഷണത്തിനവിധേയമാക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നഴ്സുമാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണാൻ എന്തു നടപടി സ്വീകരിച്ചെന്ന് അറിയിക്കുമോ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ) ഇല്ല. നഴ്സിംഗ് റിക്രൂട്ട്മെന്റ് എംബസി വഴിയാക്കിയിട്ടില്ല.

(ബി) തൊഴിൽ ദാതാക്കൾ മറ്റ് രാജ്യങ്ങളിൽനിന്ന് ഈ സംവിധാനം വരുന്നതിനുമുമ്പും റിക്രൂട്ട്മെന്റുകൾ നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇത്തരത്തിൽ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശുദ്ധജല വിതരണ പദ്ധതികൾ

2.3(*83) ശ്രീ. സി. കെ. നാണു :

ശ്രീമതി ജമീലാ പ്രകാശം :

ശ്രീ. ജോസ് തെറ്റയിൽ :

ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര വൻകിട ശുദ്ധജല വിതരണ പദ്ധതികൾ പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാം;

(ബി) പദ്ധതികളുടെ ജലസ്രോതസ്സ് മുതൽ വിതരണത്തിന്റെ അവസാനം വരെയുള്ള സംവിധാനങ്ങൾ നിരന്തരമായ പരിശോധനയ്ക്കും പോരായ്മകൾ പരിഹരിക്കാനുമുള്ള നടപടികൾക്കും വിധേയമാക്കാൻ എന്ത് വ്യവസ്ഥയാണ് നിലവിലുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരം നഗരത്തിലും പ്രാന്തപ്രദേശത്തും ശുദ്ധജലം എത്തിക്കുന്ന അരുവിക്കരയിലെ ജലസ്രോതസ്സിന്റെ വൃഷ്ടി പ്രദേശത്ത് മനുഷ്യ വിസർജ്ജ്യം ഉൾപ്പെടെയുള്ള മാലിന്യങ്ങൾ കെട്ടിക്കിടക്കുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങളും അതിന്മേൽ സ്വീകരിച്ച നടപടികളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) സംസ്ഥാനത്ത് ഏറ്റവും വൻകിട ശുദ്ധജല വിതരണ പദ്ധതികളാണ് (50 MLD-ക്കു മുകളിൽ ഉല്പാദനശേഷിയുള്ള) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്നത്. അവയുടെ വിശദവിവരങ്ങൾ താഴെചേർക്കുന്നു:

1. തിരുവനന്തപുരം കോർപ്പറേഷനും അനുബന്ധ വില്ലേജുകൾക്കും വേണ്ടിയുള്ള കടിവെള്ള പദ്ധതി
2. ജില്ലാ ആസ്ഥാനത്തോടെയുള്ള മിനാട് കുടിവെള്ള പദ്ധതി
3. ജില്ലാ ആസ്ഥാനത്തോടെയുള്ള പേർത്തല ശുദ്ധജല വിതരണ പദ്ധതി
4. കൊച്ചിക്കുവേണ്ടിയുള്ള ജനറൽ വാട്ടർ സപ്ലൈ സ്കീം-പാർട്ട് I

LIBRARY ARCHIVES Kerala Legislative Assembly